പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1428 15.06.2012 ൽ മറുപടിയ്ക്ക്

## രാസവളങ്ങളുടെ വിലവർദ്ധന

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാസവളങ്ങൾക്ക് കേന്ദ്ര സർക്കാർ എത്ര തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാസവളങ്ങൾക്ക് കേന്ദ്രസർക്കാർ എത്ര തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചുവെന്നത് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വളം | വില വർദ്ധിപ്പിച്ച തവണകൾ | വർദ്ധിപ്പിച്ച വില (ഒരു ടണ്ണിന്) |
|---|---|---|---|
| 1 | യൂറിയ | 1 | 52 |
| 2 | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 9 | 10555 |
| 3 | ഫാക്ടംഫോസ് | 5 | 5957 |
| 4 | 20:20:0:13 (ഇഫ്കോ) | 2 | 4710 |
| 5 | 20:20:0:13(ഐ.പി. എൽ) | 3 | 5058 |
| 6 | ഡൈ അമോണിയം ഫോസ്ഫേറ്റ് | 7 | 11516 |

(ബി) രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നതിനും, വിലക്കുറവ് നൽകുന്നതിനും, ലഭ്യത ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ

(ബി) 01.04.2010 ൽ കേന്ദ്ര ഗവൺമെന്റ് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി (NBS) നടപ്പിലാക്കിയതു മുതൽ യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം വളം നിർമ്മാണ കമ്പനികളിൽ

കാർഷിക മേഖലയിൽ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

നിക്ഷിപ്തമാണ്. ഉൽപ്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവ് അനുസരിച്ച് കമ്പനികൾ രാസവളങ്ങളുടെ വില കൂട്ടുന്നു. ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി അനുസരിച്ച് എല്ലാ രാസവളങ്ങൾക്കും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി നിലവിൽ കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി ഒഴിച്ചുള്ള വിലയ്ക്ക് രാസവളം പൊതുവിപണിയിൽ കർഷകർക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഇതുകൂടാതെ കർഷകർക്ക് രാസവളങ്ങൾ വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി കൃഷി ഭവൻ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ രാസവളം 50% സബ്സിഡിയിൽ നൽകുന്നുണ്ട്. നാളീകേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളികേര കർഷകർക്ക് സൗജന്യമായി രാസവളം നൽകുന്നുണ്ട്.

ഓരോ വർഷവും ഖാരിഫ് (ഏപ്രിൽ-സെപ്റ്റംബർ) റാബി (ഒക്ടോബർ-മാർച്ച്) സീസണുകളിലായാണ് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന്റെ ആവശ്യം അനുസരിച്ച് സംസ്ഥാന ക്വാട്ട രാസവളങ്ങൾക്ക് അനുവദിച്ച് നൽകുന്നത്. 2012 ഖാരിഫ് സീസണിൽ രാസവള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്തിന്റെ രാസവള ആവശ്യകത കേന്ദ്രസർക്കാരിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം ടൺ യൂറിയ 90,000 ടൺ പൊട്ടാഷ്, 1,30,000 ടൺ ഫാക്ടം ഫോസ് ഉൾപ്പെടെയുള്ള കോംപ്ലക്സ് വളങ്ങൾ 25000 ടൺ ഡൈ അമോണിയം ഫോസ്ഫേറ്റ്, 3000 ടൺ സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് എന്നിവ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ മാസവും കേന്ദ്ര സർക്കാർ വളത്തിന് അലോക്കേഷൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഇതനുസരിച്ച് ഓരോ വളത്തിനും ജില്ല തിരിച്ചും കമ്പനി തിരിച്ചുമുള്ള സപ്ലൈ പ്ലാൻ കേന്ദ്ര രാസവള മന്ത്രാലയത്തിന് നൽകുകയും അതനുസരിച്ച് കമ്പനികൾ ഡീലർമാർക്ക് വളം എത്തിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാർ നടത്തുന്ന പ്രതിവാര വീഡിയോ കോൺഫറൻസിൽ ഓരോ ആഴ്ചയിലെയും കേരളത്തിലെ രാസവള ലഭ്യത സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പ് കേന്ദ്ര രാസവള മന്ത്രാലയത്തെ ധരിപ്പിക്കുകയും അതനുസരിച്ച് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

(സി) ഇതിനായി എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉത്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളത്തിന് സബ്സിഡി നൽകുന്നുണ്ട്. എന്നാൽ ഇതിനായി പ്രത്യേക തുക നീക്കി വെച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ